**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 971** **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭങ്ങളിൽ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലും വീട് നഷ്ടപ്പെടുന്നവരെ യഥാസമയം പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | ദുരന്ത ഘട്ടങ്ങളിൽ ജനങ്ങളെ താൽക്കാലികമായി മാറ്റിപാർപ്പിക്കുന്നതിന് ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മനുഷ്യരുടെ ആത്മാഭിമാനത്തെ മുൻഗണനയായി കാണുന്ന സർക്കാർ എന്ന നിലയ്ക്ക് രാജ്യത്തെ തന്നെ ഏറ്റവും നിലവാരത്തിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനായി ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചു വരികയാണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 3 എണ്ണം പൂർത്തിയായി വരുന്നു. ദുരന്ത സാഹചര്യത്തിൽ ശരാശരി ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സാഹചര്യത്തോട് കൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്. വലിയ ഹാളുകൾ, ശൗചാലയ സമുച്ചയങ്ങൾ, അടുക്കള, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ തുടങ്ങിയവയടങ്ങിയതാണ് ഷെൽട്ടറുകൾ . ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിന്റെ പരിപാലന ചുമതല പഞ്ചായത്തുകൾക്കായിരിക്കും. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning Dissemination System) വരികയാണ്. മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കുവാനുള്ള സാങ്കേതിക |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളാണ് ഒരുക്കുന്നത്. ഇവയുടെ ഉപയോഗക്രമം, സുരക്ഷ തുടങ്ങിയവ സംബന്ധിച്ച പരിശീലനപരിപാടികളും ഇതോടൊപ്പം നടക്കുന്നുണ്ട്. ദുരിതാശ്വാസ സഹായമായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാര തുകയാണ് കേരളത്തിൽ നൽകി വരുന്നത്.ഇതിനു പുറമെ 2018 ലെ പ്രളയശേഷം നടപ്പാക്കിയ ഉജ്ജീവന വായ്പാ പദ്ധതി മാതൃകാപരമായ പദ്ധതിയാണെന്ന് ഈ രംഗത്തെ പ്രമുഖർ വിലയിരുത്തിയിട്ടുണ്ട്. കൂടാതെ പ്രളയത്തെ അതിജീവിക്കുന്ന നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്ന നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം കാലതാമസം കൂടാതെ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കാലവർഷ കെടുതിയിൽ വിള നാശം സംഭവിക്കുന്ന കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം ലഭിക്കുന്നതിന് കൃഷിവകുപ്പിന്റെ AIMS പോർട്ടൽ സംവിധാനം നിലവിൽ ഉണ്ട്. പ്രകൃതിക്ഷോഭം സംഭവിച്ച് 24 മണിക്കൂറിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ FIR സമർപ്പിക്കും. പ്രകൃതി ക്ഷോഭം സംഭവിച്ചു 10 ദിവസത്തിനുള്ളിലും ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിലും കർഷകർക്ക് അപേക്ഷ സമർപ്പിക്കാം. അപേക്ഷകരുടെ കൃഷിയിടങ്ങളിൽ ഫീൽഡ് തല പരിശോധന നടത്തി വിള നാശം തിട്ടപ്പെടുത്തി ആനുകൂല്യത്തിനു ശിപാർശ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ ശിപാർശ ചെയ്ത ക്ലെയിമുകളുടെ അടിസ്ഥാനത്തിലുള്ള തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുകയാണ് ചെയ്യുന്നത് |

സെക്ഷൻ ഓഫീസർ